# കേരളസർവകലാശാല

നം.പി.ആർ.143/2022

## പത്രക്കുറിപ്പ്

### കേരളസർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം 2022–23 ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകളിലും, യു.ഐ.ടി, ഐ.എച്ച്.ആർ.ഡി കേന്ദ്രങ്ങളിലും ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള 2022–23 അദ്ധ്യയന വർഷത്തെ പ്രവേശനത്തിന് ഓൺലൈൻ രജിസ്ട്രേഷൻ (https://admissions.keralauniversity.ac.in) ആരംഭിച്ചു.

എല്ലാ കോളേജുകളിലേയും മെറിറ്റ് സീറ്റുകളിലേക്കും മറ്റ് സംവരണ സീറ്റുകളിലേക്കും ഏകജാലക സംവിധാനം വഴിയായിരിക്കും അലോട്ട്മെന്റ്. കേരളസർവകലാശാലയുടെ കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ ബിരുദ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും (മാനേജ്മെന്റ് ക്വാട്ട, കമ്മ്യൂണിറ്റി ക്വാട്ട, സ്പോർട്സ് ക്വാട്ട, ഭിന്ന ശേഷിയുള്ളവർ, തമിഴ് ഭാഷ ന്യൂനപക്ഷ വിഭാഗങ്ങൾ, ലക്ഷദ്വീപ് നിവാസികൾ ഉൾപ്പടെ) ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിച്ചിരിക്കണം. ബി.എ. മ്യൂസിക്, ബി.പി.എ. എന്നീ കോഴ്സുകൾക്ക് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവരും ഏകജാലക പോർട്ടൽ വഴി അപേക്ഷിക്കേണ്ടതാണ്.

പരാതിരഹിതമായ ഓൺലൈൻ രജിസ്ട്രേഷൻ ലക്ഷ്യമിടുന്നതിനാൽ വിദ്യാർത്ഥികൾ അതീവ ശ്രദ്ധയോടെയും കൃത്യതയോടെയും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. രജിസ്ട്രേഷൻ സമയത്ത് നൽകുന്ന മൊബൈൽ ഫോൺ നമ്പർ പ്രവേശന നടപടികൾ അവസാനിക്കുന്നത് വരെ ഒരു കാരണവശാലും മാറ്റരുത്.

### സ്പോർട്സ് ക്വാട്ട

സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന യോഗ്യരായ വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയിലെ സ്പോർട്സ് കോളത്തിന് നേരെ 'യെസ്' എന്ന് രേഖപ്പെടുത്തണം. സ്പോർട്സ് ഇനം, ഏതു തലത്തിലെ നേട്ടമാണ് എന്നിവ സെലക്ട് ചെയ്തതിനു ശേഷം സ്പോർട്സ് നേട്ടങ്ങളുടെ സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷനിൽ നൽകിയിട്ടുള്ള കോളേജുകളും ഓപ്ഷനുകളും മാത്രമേ പരിഗണിക്കുകയുള്ളു. സ്പോർട്സ് ക്വാട്ട പ്രവേശനം ആഗ്രഹിക്കുന്ന, സ്പോർട്സ് സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്ത എല്ലാ വിദ്യാർത്ഥികളും വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത പ്രൊഫോർമയുടെ പകർപ്പ് അപേക്ഷയിൽ ഓപ്ഷൻ നൽകിയിട്ടുള്ള കോളേജുകളിൽ (പ്രവേശനത്തിന് താൽപര്യമുള്ള കോളേജുകളിൽ മാത്രം) രജിസ്ട്രേഷൻ അവസാനിക്കുന്ന തീയതിക്കുള്ളിൽ അപേക്ഷകർ നേരിട്ടോ ഇ–മെയിൽ/പ്രതിനിധി മുഖേനയോ പ്രൊഫോർമ സമർപ്പിക്കേണ്ടതും, കോളേജിൽ അത് ലഭിച്ചതായി ഉറപ്പ് വരുത്തേണ്ടതുമാണ്. ഒരു കോളേജിലെ ഒന്നിലധികം കോഴ്സുകളിലേയ്ക്കുള്ള സ്പോർട്സ് ക്വാട്ട സീറ്റിലേയ്ക്ക് അപേക്ഷിച്ചിട്ടുണ്ടെങ്കിലും അവയിലേയ്ക്കെല്ലാം പരിഗണിക്കുന്നതിനായി ഒരു കോളേജിൽ ഒരു പ്രൊഫോർമ സമർപ്പിച്ചാൽ മതി. സ്പോർട്ട്സ് ക്വാട്ടയിലേക്ക് ഓൺലൈനായി അപേക്ഷിച്ചിട്ടുണ്ടെങ്കിലും പ്രൊഫോർമയുടെ പകർപ്പ് കോളേജുകളിൽ സമർപ്പിക്കാത്തപക്ഷം ടി വിദ്യാർത്ഥികളെ യാതൊരു കാരണവശാലും സ്പോർട്ട്സ് ക്വാട്ടയിലേക്ക് പരിഗണിക്കുന്നതല്ല.

## <u>പ്രത്യേക ശ്രദ്ധയ്ക്ക്</u>

ഏകജാലക സംവിധാനത്തിലുള്ള എല്ലാ ഫീസുകളും ഓൺലൈൻ വഴി മാത്രം അടയ്ക്കേണ്ടതാണ്. ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക് എന്നിവ സ്വീകരിക്കുന്നതല്ല.

സംശയനിവാരണത്തിന് എല്ലാ പ്രവർത്തി ദിവസങ്ങളിലും 8281883052, 8281883053, 8281883052 (WhatsApp) എന്നീ ഹെൽപ്പ്ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവകലാശാല ആസ്ഥാനത്തേയ്ക്ക് അയയ്ക്കേണ്ടതില്ല. ആയത് പ്രവേശന സമയത്ത് അതത് കോളേജുകളിൽ ഹാജരാക്കിയാൽ മതിയാകും.

പ്രോസ്പെക്ടസ് വായിച്ചതിന് ശേഷം മാത്രം ഓൺലൈൻ രജിസ്ട്രേഷൻ നടത്തുക. കൂടുതൽ വിവരങ്ങൾക്ക് https://admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. അപേക്ഷ സമർപ്പിക്കുന്നതിനുളള അവസാന തീയതി 2022 ജൂലൈ 31.

(പ്രത്യേക കുറിപ്പ് : എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കാനുള്ളത്)

## <u>കേരളസർവകലാശാല ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2022–23 ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.</u>

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകളിലും, യു.ഐ.ടി, ഐ.എച്ച്.ആർ.ഡി. കേന്ദ്രങ്ങളിലും ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള 2022–23 അദ്ധ്യയന വർഷത്തെ പ്രവേശനത്തിന് ഓൺലൈൻ രജിസ്ട്രേഷൻ (https://admissions.keralauniversity.ac.in) ആരംഭിച്ചു.

എല്ലാ കോളേജുകളിലേയും മെറിറ്റ് സീറ്റുകളിലേക്കും മറ്റ് സംവരണ സീറ്റുകളിലേക്കും ഏകജാലക സംവിധാനം വഴിയായിരിക്കും അലോട്ട്മെന്റ്. കേരളസർവകലാശാലയുടെ കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ ബിരുദാനന്തര ബിരുദ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും (മാനേജ്മെന്റ് ക്വാട്ട, കമ്മ്യൂണിറ്റി ക്വാട്ട, സ്പോർട്സ് ക്വാട്ട, ഭിന്നശേഷിയുള്ളവർ, ലക്ഷദ്വീപ് നിവാസികൾ ഉൾപ്പടെ) ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിച്ചിരിക്കണം.

പരാതിരഹിതമായ ഓൺലൈൻ രജിസ്ട്രേഷൻ ലക്ഷ്യമിടുന്നതിനാൽ വിദ്യാർത്ഥികൾ അതീവ ശ്രദ്ധയോടെയും കൃത്യതയോടെയും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. രജിസ്ട്രേഷൻ സമയത്ത് നൽകുന്ന മൊബൈൽ ഫോൺ നമ്പർ പ്രവേശന നടപടികൾ അവസാനിക്കുന്നത് വരെ ഒരു കാരണവശാലും മാറ്റരുത്.

## <u>സ്പോർട്സ് ക്വാട്ട</u>

സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന യോഗ്യരായ വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയിലെ സ്പോർട്സ് കോളത്തിന് നേരെ 'യെസ്' എന്ന് രേഖപ്പെടുത്തണം. സ്പോർട്സ് ഇനം, ഏതു തലത്തിലെ നേട്ടമാണ് എന്നിവ സെലക്ട് ചെയ്തതിനു ശേഷം സ്പോർട്ട്സ് നേട്ടങ്ങളുടെ സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് അപ്ലോഡ് ചെയ്യേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷനിൽ നൽകിയിട്ടുള്ള കോളേജുകളും ഓപ്ഷനുകളും മാത്രമേ പരിഗണിക്കുകയുള്ളു. സ്പോർട്സ് ക്വാട്ട പ്രവേശനം ആഗ്രഹിക്കുന്ന, സ്പോർട്സ് സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് അപ്ലോഡ് ചെയ്ത എല്ലാ വിദ്യാർത്ഥികളും വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത പ്രൊഫോർമയുടെ പകർപ്പ് അപേക്ഷയിൽ ഓപ്ഷൻ നൽകിയിട്ടുള്ള കോളേജുകളിൽ (പ്രവേശനത്തിന് താൽപര്യമുള്ള കോളേജുകളിൽ മാത്രം) രജിസ്ട്രേഷൻ അവസാനിക്കുന്ന തീയതിക്കുള്ളിൽ അപേക്ഷകർ

നേരിട്ടോ ഇ-മെയിൽ/പ്രതിനിധി മുഖേനയോ പ്രൊഫോർമ സമർപ്പിക്കേണ്ടതും, കോളേജിൽ അത് ലഭിച്ചതായി ഉറപ്പ് വരുത്തേണ്ടതുമാണ്. ഒരു കോളേജിലെ ഒന്നിലധികം കോഴ്സുകളിലേയ്ക്കുള്ള സ്പോർട്സ് ക്വാട്ട സീറ്റിലേയ്ക്ക് അപേക്ഷിച്ചിട്ടുണ്ടെങ്കിലും അവയിലേയ്ക്കെല്ലാം പരിഗണിക്കുന്നതിനായി ഒരു കോളേജിൽ ഒരു പ്രൊഫോർമ സമർപ്പിച്ചാൽ മതി. സ്പോർട്സ് ക്വാട്ടയിലേക്ക് ഓൺലൈനായി അപേക്ഷിച്ചിട്ടുണ്ടെങ്കിലും പ്രൊഫോർമയുടെ പകർപ്പ് കോളേജുകളിൽ സമർപ്പിക്കാത്തപക്ഷം ടി വിദ്യാർത്ഥികളെ യാതൊരു കാരണവശാലും സ്പോർട്സ് ക്വാട്ടയിലേക്ക് പരിഗണിക്കുന്നതല്ല.

## പ്രത്യേക ശ്രദ്ധയ്ക്ക്

ഏകജാലക സംവിധാനത്തിലുള്ള എല്ലാ ഫീസുകളും ഓൺലൈൻ വഴി മാത്രം അടയ്ക്കേണ്ടതാണ്. ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക് എന്നിവ സ്വീകരിക്കുന്നതല്ല.

സംശയനിവാരണത്തിന് എല്ലാ പ്രവർത്തി ദിവസങ്ങളിലും 8281883052, 8281883053, 8281883052 (WhatsApp) എന്നീ ഹെൽപ്പ്ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവകലാശാല ആസ്ഥാനത്തേയ്ക്ക് അയയ്ക്കേണ്ടതില്ല. ആയത് പ്രവേശന സമയത്ത് അതത് കോളേജുകളിൽ ഹാജരാക്കിയാൽ മതിയാകും.

പ്രോസ്പെക്ടസ് വായിച്ചതിന് ശേഷം മാത്രം ഓൺലൈൻ രജിസ്ട്രേഷൻ നടത്തുക. കൂടുതൽ വിവരങ്ങൾക്ക് https://admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2022 ജൂലൈ 23.

(പ്രത്യേക കുറിപ്പ് : എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കാനുള്ളത്)

## പരീക്ഷാഫലം

കേരളസർവകലാശാല 2022 മാർച്ചിൽ നടത്തിയ കോവിഡ് സ്പെഷ്യൽ അഞ്ചാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി./ബി.കോം.എൽ.എൽ.ബി./ബി.ബി.എ. എൽ.എൽ.ബി., ഒക്ടോബർ 2021, പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ജൂലൈ 13 വരെ ഓഫ്ലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2022 ജൂലൈ 18 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്. ബി.കോം. (എഫ്.ഡി.പി.) (റെഗുലർ – 2020 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് – 2019 അഡ്മിഷൻ, സപ്ലിമെന്ററി – 2018 & 2017 അഡ്മിഷൻ, മേഴ്സിചാൻസ് – 2016, 2015, 2014 അഡ്മിഷൻ) കമ്പ്യൂട്ടർ പ്രാക്ടിക്കൽ പരീക്ഷയ്ക്കുള്ള ടൈംടേബിൾ പ്രസിദ്ധീകരിച്ചു വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ജൂലൈ 21 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ.മ്യൂസിക് (എഫ്.ഡി.പി.) (റെഗുലർ – 2020 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് – 2019 അഡ്മിഷൻ, സപ്ലിമെന്ററി – 2018 & 2017 അഡ്മിഷൻ, മേഴ്സിചാൻസ് – 2016, 2015, 2014 അഡ്മിഷൻ) പ്രാക്ടിക്കൽ പരീക്ഷയ്ക്കുള്ള ടൈംടേബിൾ പ്രസിദ്ധീകരിച്ചു വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടത്തെ 2018 സ്കീം അഞ്ചാം സെമസ്റ്റർ, ഏപ്രിൽ 2022 ലാബ് പരീക്ഷകൾ ജൂലൈ 11 മുതൽ ജൂലൈ 13 വരെ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാലയുടെ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടത്തെ 2018 സ്കീം എട്ടാം സെമസ്റ്റർ റെഗുലർ, ജൂലൈ 2022 പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. പരീക്ഷകൾ ജൂലൈ 14 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ജൂലൈ 13 ന് ആരംഭിക്കുന്ന എം.പി.ഇ.എസ്. (2020 സ്കീം) ഒന്നും മൂന്നും സെമസ്റ്റർ പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാല 2022 ജൂലൈയിൽ ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.വോക്. ഫുഡ് പ്രോസസിംഗ് (359), ബി.വോക്. ഫുഡ് പ്രോസസിംഗ് ആന്റ് മാനേജ്മെന്റ് (356) (റെഗുലർ – 2020 അഡ്മിഷൻ) പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ ജൂലൈ 13 വരെയും 150 രൂപ പിഴയോടെ ജൂലൈ 15 വരെയും 400 രൂപ പിഴയോടെ ജൂലൈ 16 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ., ബി.എസ്സി., ബി.കോം. ഡിഗ്രി (മേഴ്സി ചാൻസ് – 2013 അഡ്മിഷൻ) പരീക്ഷകൾക്ക് പിഴകൂടാതെ ജൂലൈ 18 വരെയും 150 രൂപ പിഴയോടെ ജൂലൈ 21 വരെയും 400 രൂപപിഴയോടെ ജൂലൈ 23 വരെയും ഓഫ്ലൈനായി അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ ജൂൺ 27 ലെ സർവകലാശാല വിജ്ഞാപനത്തിൽ ലഭ്യമാണ്.

കേരളസർവകലാശാല 2022 ആഗസ്റ്റ് 2 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.എഡ്. സ്പെഷ്യൽ എഡ്യൂക്കേഷൻ 2015 സ്കീം (റെഗുലർ – 2020 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2019 അഡ്മിഷൻ) പരീക്ഷയ്ക്ക് പിഴകൂടാതെ ജൂലൈ 14 വരെയും 150 രൂപ പിഴയോടെ ജൂലൈ 18 വരെയും 400 രൂപ പിഴയോടെ ജൂലൈ 20 വരെയും ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് – എൻ.ആർ.ഐ. സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ഒന്നാം വർഷ ബി.ടെക്. കോഴ്സുകളിലെ (ഇ.സി., ഐ.ടി., സി.എസ്.) എൻ.ആർ.ഐ. സീറ്റുകളിലേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. വിശദവിവരങ്ങൾ കോളേജ് വെബ്സൈറ്റിൽ (www.ucek.in) ലഭ്യമാണ്. ഫോൺ:9037119776, 9388011160, 9656468540, 9447125125

## പിഎച്ച്.ഡി. നൽകി

ശ്രീകല എം., സന്തോഷ് വൈ (ഇക്കണോമിക്സ്), ബൈജു വി. (ഫിസിക്സ്), കല എൽ., ലിനു ഷൈൻ (ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്), പ്രതിഭ നാരായണൻ (ബയോടെക്നോളജി), നിത്യ യു.ആർ. (ഫിലോസഫി), കവിത എസ്. (കൊമേഴ്സ്), ആശ കെ തോമസ്, ലിബി ചെറിയാൻ (എഡ്യൂക്കേഷൻ), അജിത ടി.എസ്., പ്രിയ ചന്ദ്രൻ ജെ.പി., ഷിജു എസ്.ജി. (ഹിന്ദി), ഹാഷിം വി. (മെക്കാനിക്കൽ എഞ്ചിനീയറിംഗ്) എന്നിവർക്ക് പിഎച്ച്.ഡി. നൽകാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

## മലയാളം ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ റിഫ്രഷർ കോഴ്സ് – അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയിലെ യു.ജി.സി. ഹ്യൂമൺ റിസോഴ്സ് ഡെവലപ്പ്മെന്റ് സെന്ററിൽ 2022 ആഗസ്റ്റ് 16 മുതൽ 29 വരെ യൂണിവേഴ്സിറ്റി/കോളേജ് അദ്ധ്യാപകർക്കു വേണ്ടി നടത്തുന്ന മലയാളം ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ റിഫ്രഷർ കോഴ്സിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷാ ഫോറവും വിശദവിവരങ്ങളും **www.keralauniversity.ac.in/ugcase** എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.

അപേക്ഷകൾ പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രത്തോടു കൂടി **hrdcunike@yahoo.com** എന്ന **email id** ൽ 2022 ജൂലൈ 30 ന് മുൻപ് ഇ–മെയിൽ ചെയ്യേണ്ടതാണ്. കൂടാതെ അപേക്ഷകൾ ദി ഡയറക്ടർ, യു.ജി.സി. ഹ്യൂമൺ റിസോഴ്സ് ഡെവലപ്പ്മെന്റ് സെന്റർ, ഗോൾഡൻ ജൂബിലി ബിൽഡിംഗ്, യൂണിവേഴ്സിറ്റി ഓഫ് കേരള, കാര്യവട്ടം 695581 എന്ന വിലാസത്തിൽ തപാൽ വഴിയും ജൂലൈ 30ന് മുൻപ് ലഭിക്കത്തക്കവിധം അയക്കാവുന്നതാണ്.

തിരുവനന്തപുരം,
07.07.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**